**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1105** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>പെരുമ്പാവൂർ മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മിക്കുവാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ നിരവധി സർക്കാർ ഓഫീസുകൾ ഇപ്പോഴും വാടകക്കെട്ടിടങ്ങളിലും പരിമിതമായ സൗകര്യങ്ങളുള്ള കെട്ടിടങ്ങളിലുമാണ് പ്രവർത്തിച്ചുവരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u> ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**

**(ബി)** ഇപ്രകാരം പ്രവർത്തിച്ചുവരുന്ന ഓഫീസുകൾക്കായി പുതിയൊരുകെട്ടിടം നിർമിച്ചാൽ സർക്കാരിന്റെ വലിയൊരു വാടകബാധ്യത ഒഴിവാകുമെന്നും വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങൾക്ക് ഏറെ സൗകര്യപ്രദമാകുമെന്നും വിലയിരുത്തിയിട്ടുണ്ടോ;

**<u>മറുപടി:</u> ഉണ്ട്.**

**(സി)** നിലവിലുള്ള പെരുമ്പാവൂർ മിനി സിവിൽ സ്റ്റേഷന് സമീപം അനക്സ് കെട്ടിടം നിർമ്മിച്ചാൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പെരുമ്പാവൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിനു സമീപം പുതിയ സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u> പെരുമ്പാവൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിനു സമീപം അനക്സ് നിർമ്മിക്കുന്നതിന് സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും ഫ്ലോർ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.**

**സെക്ഷൻ ഓഫീസർ**